**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1674 — 10-03-2020-ൽ മറുപടിക്ക്.

## ഐ.ടി. മേഖല വിപുലീകരിക്കുന്നതിന് പദ്ധതി

ചോദ്യം
ശ്രീ.രാജു എബ്രഹാം

മറുപടി
പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ശാസ്ത്ര സാങ്കേതിക ഗവേഷണ വികസന സ്ഥാപനങ്ങളെയും, സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഐ.ടി. മിഷനെയും സമാന സ്ഥാപനങ്ങളെയും, ഐ.ടി. മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന മറ്റിതര സ്ഥാപനങ്ങളെയും കൂട്ടിയിണക്കുന്നതിന് എന്തെങ്കിലും പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | വിവിധ ശാസ്ത്ര സാങ്കേതിക ഗവേഷണ വികസന സ്ഥാപനങ്ങളെയും സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളെയും ശാസ്ത്രജ്ഞന്മാരെയും ഇന്നവേറ്റർമാരെയും വിദ്യാർത്ഥികളെയും സ്റ്റാർട്ടപ്പുകളെയും തമ്മിൽ ബന്ധിപ്പിച്ച് ഗവേഷണങ്ങളിലൂടെ വികസിപ്പിക്കുന്ന സാങ്കേതിക വിദ്യകളെ വാണിജ്യാടിസ്ഥാനത്തിൽ ലഭ്യമാക്കാൻ സ്റ്റാർട്ടപ്പുകളെ സഹായിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇത്തരത്തിലുള്ള വിവിധ സ്ഥാപനങ്ങളെയും വ്യക്തികളെയും ബന്ധിപ്പിക്കുന്നതിനുള്ള ഒരു പ്ലാറ്റ്ഫോം, റിസർച്ച് ഇന്നവേഷൻ നെറ്റ് വർക്ക് കേരള (RINK), C-DAC മായി ബന്ധപ്പെട്ട് വികസിപ്പിച്ചിട്ടുണ്ട്. വിവിധ സ്ഥാപനങ്ങളെയും വ്യക്തികളെയും ഇതിലൂടെ ബന്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ച് വരുന്നു. |
| (ബി) | എല്ലാ ജില്ലകളിലും ഇവയുടെ പ്രവർത്തനം ആരംഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | പദ്ധതി സംസ്ഥാന തലത്തിലാണ് നടപ്പാക്കുന്നത്. |

സെക്ഷൻ ഓഫീസർ